സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ചതിനാൽ 'One Rank One Pension' തത്വ പ്രകാരം കമ്മീഷണർ കേഡറിലെ പെൻഷൻ ലഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉത്തരവ് നമ്പർ: ROC.** 7283/16/എസ്റ്റ.1 **നന്തൻകോട്,** 30.05.2025

---

**പരാമർശം :-** 1. ശ്രീമതി. വി. ശിവകാമി അമ്മാൾ (ശ്രേയസ് എം.ആർ.എ. ബി.14, മണ്ണടി ലെയ്ൻ, അമ്പലംമുക്ക്, തിരുവനന്തപുരം) മുതൽപേരുടെ 18.09.2017-ലെ അപേക്ഷ

2. 22.12.2017-ലെ മേൽ നമ്പർ ബോർഡുത്തരവ്.

3. W.P (C) നമ്പർ 13243/2018-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 18.03.2025-ലെ വിധിന്യായം.

## ഉത്തരവ്

ദേവസ്വം ബോർഡ് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. വി.എസ്. രാജഗോപാലൻ നായർ (രാജസരസ്, ഉദയനാപുരം.പി.ഒ, വൈക്കം), ശ്രീമതി. വി. ശിവകാമി അമ്മാൾ (ശ്രേയസ് എം.ആർ.എ. ബി.14, മണ്ണടി ലെയ്ൻ, അമ്പലംമുക്ക്, തിരുവനന്തപുരം), ശ്രീമതി. എസ്. ഉഷാകുമാരി (ഉഷസ്, ററി.സി. 51/2730, വരിക്കപ്ലാവിള, പാപ്പനംകോട്. തിരുവനന്തപുരം), ശ്രീ. വി.എസ്. രാമാനുജം (രാമഗിരി, സ്വാതിനഗർ ലെയ്ൻ 1, പേരൂർക്കട.പി.ഒ, തിരുവനന്തപുരം) എന്നിവർ, 01.07.2011-ലെ ആർ.ഒ.സി. 6000/2011/എസ്റ്റ.1 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച പെൻഷൻ പരിഷ്ക്കരണ ഉത്തരവിലെ പാരഗ്രാഫ് 3.9 അനുസരിച്ച് 'One Rank One Pension' തത്വ പ്രകാരം ദേവസ്വം കമ്മീഷണർ ഗ്രേഡിലെ പെൻഷൻ, 01.07.2009 മുതൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 18.09.2017ൽ ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റിന് അപേക്ഷ സമർപ്പിച്ചിരുന്നു (പരാമർശം 1).

പ്രസ്തുത അപേക്ഷ സംബന്ധിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച ശേഷം, ടി ആളുകളുടെ ടി അപേക്ഷ നിരസിച്ചു (പരാമർശം 2). അതിനെതിരെ ടിയാളുകൾ നൽകിയ ഹർജിയിൽ (W.P (C) 13243/2018) ബഹുമാനപ്പെട്ട ഹൈക്കോടതി 18.03.2025-ൽ വിധിന്യായം പുറപ്പെടുവിച്ചു (പരാമർശം 3).

ഹർജിക്കാർ ബോർഡ് സെക്രട്ടറിയായിരുന്ന കാലയളവിലും അവർ വിരമിക്കുമ്പോഴും അവരെക്കാൾ സീനിയറായ ഉദ്യോഗസ്ഥർ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ സർവ്വീസിൽ തുടർന്നിരുന്ന കാരണത്താലാണ് പരാമർശം (1) ലെ ആവശ്യം പരാമർശം (2) പ്രകാരം ബോർഡ് നിരസിച്ചത്. എന്നാൽ, സീനിയർമാരായ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ഉണ്ടായിരുന്നു എന്നത് ഹർജിക്കാരുടെ അപേക്ഷ (എക്സിബിററ് പി.6) നിരസിക്കുന്നതിന് കാരണമല്ലായെന്ന് നിരീക്ഷിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി, 01.07.2011-ലെ ആർ.ഒ.സി. 6000/2011/എസ്റ്റ.1 നമ്പർ പെൻഷൻ പരിഷ്കരണ ഉത്തരവിലെ പാരഗ്രാഫ് 3.9 അനുസരിച്ച് ദേവസ്വം കമ്മീഷണർ ഗ്രേഡിലെ പെൻഷന് ഹർജിക്കാർ അർഹരാണോ എന്ന് പരിശോധിച്ചിട്ടില്ല എന്നതിനാൽ ടിയാളുകളുടെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള പരാമർശം (2) ഉത്തരവ് (എക്സിബിററ് പി. 8) ടി വിധിന്യായത്തിലൂടെ റദ്ദ് ചെയ്തിട്ടുള്ളതാണ്.

ഹർജിക്കാരുടെ ആവശ്യം, എക്സിബിററ് പി. 1 ഉത്തരവിന്റെയും പ്രസക്തമായ മററ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ബോർഡ് വീണ്ടും പരിഗണിക്കണമെന്നും ടിയാളുകളെ നേരിൽ കേട്ട ശേഷം നിയമാനുസരണം ഉചിതമായ ഉത്തരവ് മൂന്ന് മാസത്തിനുള്ളിൽ പുറപ്പെടുവിക്കണമെന്നും വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

നേരിൽ കേൾക്കുന്നതിന് 21.05.2025 തീയതി നിശ്ചയിച്ച് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിൽ ശ്രീ. വി.എസ്. രാജഗോപാലൻ നായർ (രാജസരസ്, ഉദയനാപുരം.പി.ഒ, വൈക്കം), ശ്രീമതി. വി. ശിവകാമി അമ്മാൾ (ശ്രേയസ് എം.ആർ.എ. ബി.14, മണ്ണടി ലെയ്ൻ, അമ്പലംമുക്ക്, തിരുവനന്തപുരം), ശ്രീമതി. എസ്. ഉഷാകുമാരി (ഉഷസ്, ററി.സി. 51/2730. വരിക്കപ്ലാവിള, പാപ്പനംകോട്. തിരുവനന്തപുരം) എന്നിവർ നേരിട്ടും ശ്രീ. വി.എസ്. രാമാനുജം (രാമഗിരി, സ്വാതിനഗർ ലെയ്ൻ 1, പേരൂർക്കട.പി.ഒ, തിരുവനന്തപുരം)നു വേണ്ടി അഡ്വ.മനുമോഹനും ഹിയറിംഗിന് ഹാജരായി. ടിയാളുകളെ നേരിൽ കേട്ട വേളയിൽ വിവരിച്ച സംഗതികളും ഹർജിയിലെ 1 മുതൽ 3 വരെയുള്ള ഹർജിക്കാർ കൂട്ടായും ഹർജിയിലെ നാലാം പേരുകാരൻ പ്രത്യേകമായും ഹിയറിംഗ് വേളയിൽ എഴുതി ഹാജരാക്കിയ നിവേദനങ്ങളും ഇതുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും ബോർഡ് വിശദമായി പരിശോധിച്ചു.

പെൻഷണർ വിരമിക്കുന്ന / മരണമടയുന്ന സമയത്ത് ഏത് വകുപ്പിലെ ഏത് പോസ്റ്റിൽ നിന്നാണോ വിരമിച്ചത്, ആ വകുപ്പിൽ പ്രസ്തുത പോസ്റ്റ് ഇല്ലാതെ വരുന്നുവെങ്കിൽ അല്ലെങ്കിൽ വിരമിച്ച ശേഷം / മരണശേഷം പെൻഷണർ ഉൾപ്പെട്ടിരുന്ന കാററഗറി മററ് സ്കെയിലിലേയ്ക്ക് മാറുന്നുവെങ്കിൽ അല്ലെങ്കിൽ പരിഷ്ക്കരിച്ച തത്തുല്യമായ സ്കെയിലിൽ തിട്ടപ്പെടുത്താനാകാത്ത വിധം വിരമിക്കുമ്പോൾ / മരണമടയുമ്പോൾ ജോലി നോക്കിയിരുന്ന പോസ്റ്റിന്റെ ഉദ്യോഗ

പേര് മാററിയിട്ടുണ്ടെങ്കിൽ തുടർന്നുവന്ന ശമ്പളപരിഷ്കരണ ഉത്തരവുകളിലെ തത്തുല്യമായ ശമ്പള സ്കെയിലിനെ അടിസ്ഥാനപ്പെടുത്തി അടിസ്ഥാന പെൻഷൻ നിശ്ചയിക്കണമെന്ന് 01.07.2009 മുതൽ പ്രാബല്യത്തിൽ വന്ന 01.07.2011-ലെ ആർ.ഒ.സി. 6000/2011/എസ്റ്റ.1 നമ്പർ പെൻഷൻ പരിഷ്ക്കരണ ഉത്തരവിലെ പാരഗ്രാഫ് 3.9-ൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഹർജിക്കാർ സെക്രട്ടറി പോസ്റ്റിൽ നിന്നും വിരമിക്കുമ്പോൾ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കാററഗറിയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരായിരുന്നു. ടിയാളുകൾ വിരമിച്ച ശേഷം 22.06.2022ൽ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വരുംവരെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കാററഗറിയിലായിരുന്ന സെക്രട്ടറി പോസ്റ്റ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇല്ലാതായിട്ടില്ല. ടിയാളുകൾ ഉൾപ്പെട്ടിരുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കാററഗറി മററ് സ്കെയിലിലേയ്ക്ക് മാറുകയോ പരിഷ്ക്കരിച്ച തത്തുല്യമായ സ്കെയിൽ തിട്ടപ്പെടുത്താൻ ആകാത്തവിധം പോസ്റ്റിന്റെ ഉദ്യോഗ പേര് മാറുകയോ ചെയ്തിട്ടില്ലാത്തതാണ്. ആകയാൽ, 01.07.2011-ലെ ആർ.ഒ.സി. 6000/09/എസ്റ്റ.1 നമ്പർ ഉത്തരവിലെ പാരഗ്രാഫ് 3.9 ഹർജിക്കാർക്ക് ബാധകമാകുന്നതല്ല.

സെക്രട്ടറി പോസ്റ്റിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കാററഗറിയിൽപ്പെട്ട ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത കാററഗറിയുടെ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലുള്ള പെൻഷന് മാത്രമെ അർഹതയുള്ളു. അത് നൽകിവരുന്നുമുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 20.06.2022ലാണ് സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നത്. അതിന് മുൻപ്വരെ സെക്രട്ടറി പോസ്റ്റ് ഒരു പ്രത്യേക കാററഗറി ആയിരുന്നില്ല. അക്കാരണത്താൽ തന്നെ ഭരണതാൽപ്പര്യം മുൻനിർത്തി സീനിയോറിററി മാനദണ്ഡമാക്കാതെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരിൽ അനുയോജ്യനായ ആളെ സെക്രട്ടറി പോസ്റ്റിൽ ബോർഡ് നിയമിച്ചുവന്നിരുന്നു. ഹർജിക്കാരുടെ 18.08.2017ലെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള 23.01.2015, 26.04.2016 എന്നീ തീയതികളിലെ ആർ.ഒ.സി. 4000/06/എസ്റ്റ.1 നമ്പർ ബോർഡുത്തരവുകൾക്ക് ശേഷവും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലുള്ള ആളെ സെക്രട്ടറി പോസ്റ്റിൽ നിയമിച്ചിട്ടുണ്ട്. 05.12.2019ലെ ആർ.ഒ.സി. 5600/12/എസ്റ്റ.1 നമ്പർ ബോർഡുത്തരവ് പ്രകാരം ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ പോസ്റ്റ് കമ്മീഷണർ കേഡറിൽ ഫിനാൻസ് കമ്മീഷണർ പോസ്റ്റായും സെക്രട്ടറി പോസ്റ്റ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേയ്ക്കും മാററിയിട്ടുണ്ട്. ഇതിൽ നിന്നും സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്ന 20.06.2022 ന് മുൻപ്വരെ സെക്രട്ടറി പോസ്റ്റ് പ്രത്യേക കാററഗറി ആയിരുന്നില്ല എന്നതും സ്ഥിരമായി കമ്മീഷണർ കേഡറിൽ നിലനിർത്തിയിരുന്നില്ല എന്നതും വ്യക്തമാണ്.

വിരമിക്കലിന് ശേഷം സെക്രട്ടറി പോസ്റ്റ് ദേവസ്വം കമ്മീഷണർ ഗ്രേഡിലേയ്ക്ക് മാററിയതിനാൽ 01.07.2011ലെ ആർ.ഒ.സി. 6000/2011/എസ്റ്റ.1 നമ്പർ പെൻഷൻ പരിഷ്ക്കരണ ഉത്തരവിലെ പാരഗ്രാഫ് 3.9 അനുസരിച്ച് One Rank One Pension തത്വ പ്രകാരം ദേവസ്വം കമ്മീഷണർ ഗ്രേഡിന് അർഹരാണെന്ന ഹർജിക്കാരുടെ അവകാശവാദം ചട്ടങ്ങൾക്ക് അനുസൃതമല്ലായെന്ന് ബോർഡ് വിലയിരുത്തി.

ആകയാൽ, എക്സിബിററ് പി.6 (പരാമർശം 1) അപേക്ഷയിലെ ആവശ്യത്തിന് നിയമപരമായി യാതൊരു അടിസ്ഥാനമില്ലായെന്ന് കണ്ട്, ആയത് അനുവദിക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

**പകർപ്പ് :-**

1. ദേവസ്വം കമ്മീഷണർ
2. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
4. ലെയ്സൺ ഓഫീസർ, എറണാകുളം
5. PS to Hon'ble President
6. PS to Hon'ble Member
7. ശ്രീമതി. വി. ശിവകാമി അമ്മാൾ, ശ്രേയസ്, എം.ആർ.എ. ബി.14, മണ്ണടി ലെയ്ൻ, അമ്പലംമുക്ക്, തിരുവനന്തപുരം-695005.
8. ശ്രീമതി. എസ്. ഉഷാകുമാരി, ഉഷസ്, ററി.സി. 51/2730. വരിക്കപ്ലാവിള, പാപ്പനംകോട്. തിരുവനന്തപുരം-695018.
9. ശ്രീ. വി.എസ്. രാമാനുജം, രാമഗിരി, സ്വാതിനഗർ ലെയ്ൻ 1, പേരൂർക്കട.പി.ഒ, തിരുവനന്തപുരം – 695005.
10. ശ്രീ. വി.എസ്. രാജഗോപാലൻ നായർ, രാജസരസ്, ഉദയനാപുരം.പി.ഒ, വൈക്കം, കോട്ടയം ജില്ല.
11. ഐ.ററി വിഭാഗം (പ്രസിദ്ധീകരണത്തിന്)
12. ഫയൽ ബുക്ക്
13. സെക്ഷൻ ഫയൽ
14. ഓഫീസ് കോപ്പി

**അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്**

**അസിസ്റ്റന്റ് സെക്രട്ടറി**
**'സി' സെക്ഷൻ**